**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1116** **30-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യ വിപണന മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും മത്സ്യത്തിന് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനും നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | മത്സ്യ ലേലം വഴി മത്സ്യസഹകരണ സംഘങ്ങൾ ശേഖരിക്കുന്ന മത്സ്യം മത്സ്യഫെഡ് നേരിട്ട് മത്സ്യസംഭരണ കേന്ദ്രങ്ങളിൽ സംഭരിച്ച് അവ ഫിഷ് മാർട്ടുകൾ വഴി വിപണനം ചെയ്തു വരുന്നു. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലുള്ള 36 സംഘങ്ങൾ മത്സ്യഫെഡിന് മത്സ്യം നൽകി വരുന്നുണ്ട്. കൂടുതൽ സംഘങ്ങളെ ലേലത്തിൽ പങ്കെടുപ്പിച്ച് സംഘങ്ങൾക്ക് മത്സ്യം സംഭരിക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലൂടെ കൂടുതൽ സംഘങ്ങൾ മത്സ്യം നേരിട്ട് ശേഖരിക്കുന്നതിൽ പങ്കാളിയാകുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒരു പരിധിവരെ ഒഴിവാക്കുന്നതിനും മത്സ്യമേഖലയിലെ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കഴിയും. |
| (ബി) | മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യ മാർക്കറ്റ് സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. കേരള സംസ്ഥാന തീരദേശ കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ 51 മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത മത്സ്യമാർക്കറ്റുകളുടെ സ്ഥല സൗകര്യം, ദിവസേന ഇറക്കുമതി ചെയ്യുന്ന മത്സ്യത്തിന്റെ അളവ് എന്നിവ അനുസരിച്ച് മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ചിൽ റൂം സംവിധാനവും ക്രമീകരിച്ചിട്ടുണ്ട്. |
| (സി) | സമുദ്രോല്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത വസ്തുക്കൾ ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് മത്സ്യഫെഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്നതെന്ന് വിശദീകരിക്കുമോ; | (സി) | മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിലാണ് (എം.ഐ.എഫ്.പി) നിലവിൽ ഉൽപ്പാദിപ്പിക്കുന്നത്. ഇവിടെ നിന്നും മത്സ്യം |

| | | | |
|---|---|---|---|
| | | | ശീതീകരിച്ച് കയറ്റുമതിയും ചെയ്യുന്നുണ്ട്. പ്ലാന്റിലെ വനിതാ ജീവനക്കാർ വിവിധതരം അച്ചാറുകൾ (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ), പീര എന്നീ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. കൂടാതെ ഇവിടെ നിന്നും റെഡി റ്റു ഈറ്റ് & റെഡി റ്റു കുക്ക് വിഭവങ്ങൾ മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ് എന്ന പേരിൽ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ട് തരം ഫിഷ് കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നിവയും ഫിഷ് മാർട്ടുകൾ വഴി വിപണനം ചെയ്ത് വരുന്നു. ടി സംസ്കരണ ശാലയിൽ നിന്നും മത്സ്യത്തിന്റെ വിപണനം എം.പി.ഐ/ കെപ്കോ ഡീലർമാർ വഴിയും നടത്തുന്നുണ്ട്. എം.ഐ.എഫ്.പി വഴി കൂടുതൽ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി നിലവിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി പ്ലാന്റ് ആധുനീകരിക്കുവാനുള്ള പദ്ധതിയും സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കൈറ്റോസോൺ പ്ലാന്റിൽ ചെമ്മീൻതോടിൽ നിന്നും കൈറ്റോൺ ഗുളികകളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ആലപ്പുഴയിൽ ചെങ്ങന്നൂർ മുളക്കുഴയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന യൂണിറ്റ് CIFT ന്റെയും, CTCRI യുടെയും സാങ്കേതിക സഹായത്തോടെ തുടങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പ്രധാൻമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ കൂടുതൽ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നുണ്ട്. |
| (ഡി) | ഹാർബറുകളിൽ നിന്നും മത്സ്യം വാങ്ങി വിപണനം ചെയ്യുന്ന മത്സ്യത്തൊഴിലാളി സ്ത്രീകളുടെ യാത്രാസൗകര്യത്തിനുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | വനിതാ മത്സ്യ വിപണന തൊഴിലാളികൾക്ക് സൗജന്യ യാത്ര ഒരുക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുമായി ചേർന്ന് 'സമുദ്ര' പദ്ധതി 2021-22 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തെ ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ നിന്നും മാർക്കറ്റുകളിലേക്കും തിരിച്ചും സൗജന്യമായി യാത്ര ചെയ്യുന്നതിന് 3 കെ.എസ്.ആർ.ടി.സി. ബസ്സുകൾ പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ